# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 967 — 30/11/2018-ലെ മറുപടി

## ഡാമുകളുടെ ജലസംഭരണശേഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ ജലസംഭരണശേഷി പുനഃപ്പരിശോധിക്കുന്നതിനും ക്രമീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | എ) പ്രളയത്തിനു മുമ്പു തന്നെ കേരളത്തിലെ ഡാമുകളിലെ റിസർവോയറുകളിൽ കെട്ടി കിടക്കുന്ന ചെളിയും എക്കലും മണലും കാരണം സംഭരണശേഷി കുറഞ്ഞു എന്ന പഠനത്തിൽ നിന്നും വ്യക്തമായ സാഹചര്യത്തിൽ, അവ നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിന് ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിന് രൂപം നൽകിയിട്ടുണ്ട്.<br>ഇത് പ്രകാരം ഒരു Empowered Committee രൂപീകരിക്കുകയും പ്രാരംഭ ഘട്ടത്തിൽ പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസിൽറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി Empowered committee യുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളിലും, ഡിസിൽറ്റേഷൻ നടത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. |

പ്രളയത്തിനു ശേഷമുള്ള സംഭരണശേഷി അറിയുന്നതിന് ഒരു അണക്കെട്ടിന്റെ റിസർവോയർ ഏരിയയിൽ പഠനം തീർക്കുകയും മറ്റൊന്നിൽ പഠനം നടന്നു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ